# Joint Press Release of the 6th Deputy National Security Adviser Level Meeting of the Colombo Security Conclave

July 07, 2022

---

**കൊളംബോ സെക്യൂരിറ്റി കോൺക്ലേവിന്റെ ആറാമത്തെ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് തല യോഗത്തിന്റെ സംയുക്ത പത്രക്കുറിപ്പ്**

ജൂലൈ 07, 2022

ഇന്ത്യ, മാലിദ്വീപ്, മൗറീഷ്യസ്, ശ്രീലങ്ക എന്നിവ ഉൾപ്പെടുന്ന കൊളംബോ സെക്യൂരിറ്റി കോൺക്ലേവിലെ അംഗരാജ്യങ്ങൾ, 2022 ജൂലൈ 7 ന് കൊച്ചിയിൽ ഇന്ത്യയുടെ നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടേറിയറ്റ് ആതിഥേയത്വം വഹിച്ച ആറാമത് ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് തല യോഗം വിജയകരമായി സമാപിച്ചു. ബംഗ്ലാദേശ്, സീഷെൽസ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നിരീക്ഷകരായി പങ്കെടുത്തു.

റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ വിക്രം മിസ്‌രി, റിപ്പബ്ലിക് ഓഫ് മാലിദ്വീപിന്റെ വിദേശകാര്യ സെക്രട്ടറി ശ്രീ. അഹമ്മദ് ലത്തീഫ്; റിപ്പബ്ലിക് ഓഫ് മൗറീഷ്യസ്, പ്രധാനമന്ത്രിയുടെ ഓഫീസിലെ സുരക്ഷാ കാര്യങ്ങളുടെ പ്രിൻസിപ്പൽ കോർഡിനേറ്റർ ശ്രീ. യോധിസ്റ്റീർ തെക്ക, ശ്രീലങ്കൻ ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ ഷാവേന്ദ്ര സിൽവ WWV, RWP, RSP, VSV,USP, ndc, psc, MPhil എന്നിവർ അതത് വിഭാഗങ്ങൾക്ക് നേതൃത്വം നൽകി.ശ്രീലങ്കയിലെ കൊളംബോയിലുള്ള സിഎസ്‌സിയുടെ സെക്രട്ടേറിയറ്റിനെ പ്രതിനിധീകരിച്ച് ആക്ടിംഗ് സെക്രട്ടറി കമ്മഡോർ, ആർഎസ്‌പി, യുഎസ്‌പി, നേവൽ ഓപ്പറേഷൻസ് ഡയറക്ടർ, ശ്രീലങ്കൻ നാവികസേനയുടെ നേവൽ ഫോറിൻ കോപ്പറേഷൻ ഡയറക്ടർ. നിശാന്ത പീരിസ് ആണ്. ബംഗ്ലാദേശിൽ നിന്നുള്ള പ്രതിനിധി സംഘത്തെ നയിച്ചത് ലഫ്റ്റനന്റ് ജനറൽ വക്കർ ഉസ് സമാനാണ് സീഷെൽസ് വിഭാഗത്തിന് പ്രാതിനിധ്യം വഹിച്ചത് ഡിഫൻസ് ഫോഴ്സിന്റെ ചീഫ് ഓഫ് സ്റ്റാഫ് സൈമൺ ആർചേഞ്ച് ഡൈൻ ആണ്

2022-23 ലെ സഹകരണത്തിനുള്ള റോഡ്മാപ്പ് നടപ്പിലാക്കുന്നതിനെക്കുറിച്ചും 2022 മാർച്ച് 9-10 തീയതികളിൽ മാലദ്വീപിൽ നടന്ന കൊളംബോ സെക്യൂരിറ്റി കോൺക്ലേവിന്റെ അഞ്ചാമത് എൻ എസ് എ ലെവൽ മീറ്റിംഗിൽ എടുത്ത

തീരുമാനങ്ങളും ഇനിപ്പറയുന്ന അഞ്ച് വിഭാഗങ്ങളിൽ പങ്കെടുത്തവർ ചർച്ച ചെയ്തു:

- സമുദ്ര സുരക്ഷയും സംരക്ഷണവും
- ഭീകരവാദത്തെയും തീവ്രവൽക്കരണത്തെയും പ്രതിരോധിക്കുക
- മനുഷ്യകടത്ത്, രാജ്യാന്തര സംഘടിത കുറ്റകൃത്യങ്ങൾ എന്നിവയെ ചെറുക്കുക
- സൈബർ സെക്യൂരിറ്റി, ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ, ടെക്നോളജി എന്നിവയുടെ സംരക്ഷണം
- മാനുഷിക സഹായവും ദുരന്ത നിവാരണവും

**ന്യൂ ഡെൽഹി**
**ജൂലൈ 07, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.